പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 562 27.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവ്

ചോദ്യം

ശ്രീ. കെ.സി.ജോസഫ്

" തിരുവഞ്ചൂർ രാധാകൃഷ്ണൻ

" വി.ഡി.സതീശൻ

" റോജി എം. ജോൺ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിജയപ്രദമായിരുന്നോ; വിശദീകരിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി 15.06.2017 മുതൽ ഡ്യൂട്ടി സമ്പ്രദായം ഏകീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം സർവ്വീസുകൾ റദ്ദ് ചെയ്യുന്നതും, ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നതുമായ പ്രവണതകൾ ഒരു വലിയ അളവ് വരെ പരിഹരിക്കുന്നതിന് ഈ നടപടിയിലൂടെ കഴിഞ്ഞിരുന്നു. എന്നാൽ ഈ ഉത്തരവിനെ 1961-ലെ മോട്ടോർ വാഹന തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമല്ല എന്ന് ചൂണ്ടികാണിച്ചുകൊണ്ട് ബഹു.ഹൈക്കോടതി മുൻപാകെ ചില തൊഴിലാളി സംഘടനകളും, മറ്റ് ചില തൊഴിലാളികളും റിട്ട് ഹർജ്ജികളും അപ്പീൽ ഹർജ്ജികളും നൽകിയിട്ടുണ്ട്. ടി ഹർജികളിലെ വിധി പ്രകാരം ടി അപ്പീൽ ഹർജ്ജികളിലെ ഹർജ്ജിക്കാരേയും, അംഗീകൃത തൊഴിലാളികളേയും വിളിച്ച് ചേർത്ത് കൂടിയാലോചനകൾ നടത്തി പുതുതായി ഡ്യൂട്ടി പാറ്റേൺ സംബന്ധിച്ച് ഉത്തരവ് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. അപ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ടിലെ 4-ാം അദ്ധ്യായത്തിൽ "illegal double duty |

| | | | |
|---|---|---|---|
| | | | patterns also affect staff productivity, it also leads to schedule cancellations and idling of buses - leading to poorer fleet utilization" എന്നും "for long distance schedules, there should be crew change at stipulated intervals" എന്നും നിർദ്ദേശിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിലും, 1961-ലെ മോട്ടോർ തൊഴിലാളി നിയമത്തിലേയും, 1962-ലെ കേരള മോട്ടോർ തൊഴിലാളി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി എല്ലാ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളായി 01.04.2018 മുതൽ ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | യാത്രക്കാരെ ആകർഷിക്കുന്നതിന്റെയും പണരഹിത ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നടപ്പിലാക്കിയ ട്രാവൽ കാർഡ് സംവിധാനം പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (ബി) | സംസ്ഥാനത്ത് നിലവിൽ വന്ന ബസ് നിരക്ക് വർദ്ധനയുടെ പശ്ചാത്തലത്തിൽ നിലവിലെ ട്രാവൽകാർഡുകൾ കോർപ്പറേഷന് നഷ്ടമുണ്ടാക്കുന്നതിനാൽ പ്രസ്തുത കാർഡുകൾ താൽക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. |
| (സി) | സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം തൃപ്തികരമാണോ; ഇതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (സി) | സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നത് കെ.എസ്.ആർ.ടി.സി.യുടെ കളക്ഷന് ഗുണകരമാണ്. |
| (ഡി) | 'മിന്നൽ' സർവ്വീസുകൾ ലാഭകരമാണോ; എങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ഡി) | മിന്നൽ സർവ്വീസുകൾ ലാഭകരമാണ്. കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രസ്തുത സർവ്വീസ് ആരംഭിക്കുവാനുള്ള സാധ്യത കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ